**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1121 10/08/2017-ൽ മറുപടിയ്ക്ക്

## പ്രീ -പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) & (സി) | സംസ്ഥാനത്ത് പ്രീപ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീപ്രൈമറി ക്ലാസുകൾ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ, സ്വകാര്യ ഏജൻസികളുടെ നഴ്സറികൾ/ കിന്റർഗാർട്ടനുകൾ എന്നീ സ്ഥാപനങ്ങളിലെ 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കായി ഒരു ഏകീകൃത പാഠ്യപദ്ധതി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.<br>കേരള പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം "കളിപ്പാട്ടം" എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തമിഴ്, കന്നട തർജ്ജിമ നടന്നുവരുന്നു.<br>സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പി.റ്റി.എയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളുടെ അവസ്ഥാപഠനം എസ്.സി.ഇ.ആർ.ടി യുടെ ചുമതലയിൽ നടന്നുവരുന്നു. പഠനം അവസാനഘട്ടത്തിലാണ്. |
| (സി) | പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് ഈ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ